പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4987

23.03.2018-ൽ മറുപടിയ്ക്ക്

വനം കൊള്ള തടയുന്നതിനും വനസംരക്ഷണത്തിനും വേണ്ടിയുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എൻ.ഷംസീർ | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| വനം കൊള്ള തടയുന്നതിനും വനസംരക്ഷണത്തിനും വേണ്ടി എന്തൊക്കെ കാര്യങ്ങൾ ആണ് സർക്കാർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്തെ വനം കൊള്ളയും കയ്യേറ്റ ശ്രമങ്ങളും തടയുന്നതിന്റെ ഭാഗമായി കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടെത്തുകയും അവ തടയുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും, വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ വനസംരക്ഷണം നടത്തുന്നു. കാട്ടുതീമൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർ ലൈനുകൾ നിർമ്മിക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നു.<br>വനസംരക്ഷണത്തിന്റെ ഭാഗമായി വന മേഖലകളിൽ ക്യാമറാട്രാപ്പ് സ്ഥാപിച്ചിട്ടുണ്ട്. ചന്ദന മരങ്ങളുടെ സംരക്ഷണത്തിനായി വനമേഖലയ്ക്കു ചുറ്റും കമ്പിവേലി നിർമ്മിച്ച് സംരക്ഷിച്ചു വരുന്നു. വനസംരക്ഷണത്തിനായി ദിവസ വേതനാടിസ്ഥാനത്തിൽ വാച്ചർമാരെ നിയോഗിക്കാറുണ്ട്. വനമേഖലയിലെ ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് |

ചെക്കഡാമുകളും, കുളങ്ങളും മറ്റും നിർമ്മിക്കാറുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങളിൽ ജനങ്ങളെ ബോധവാന്മാരാക്കുന്നതിലേയ്ക്കായി പ്രകൃതി പഠനക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ